## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.897 08.01.2014-ൽ മറുപടിക്ക്**

**ചേർത്തല താലൂക്കിൽ കടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ. പി.തിലോത്തമൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ചേർത്തല താലൂക്കിൽ കുടിവെള്ള വിതരണം നടത്തുന്നതിന് എത്ര തുക ചെലവഴിച്ചു; ഇതിനോടകം ചേർത്തലയിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകി എന്നു പറയാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കു വേണ്ടി 149 കോടിയോളം രൂപ ചിലവഴിച്ചു. ഇതിനോടകം ചേർത്തലയിൽ 20,913 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) ജപ്പാൻ കുടിവെള്ളം പൊതു ടാപ്പുകളിലൂടെ വിതരണം ചെയ്യുന്നതിന്, മുൻപ് തീരുമാനിച്ചിരുന്ന ടാപ്പുകളുടെ എണ്ണം കുറിച്ചിട്ടുണ്ടോ ; പൊതു ജനങ്ങളുടെ ആവശ്യം പരിഗണിച്ച് പൊതു ടാപ്പുകളുടെ എണ്ണം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കമോ ; | ജൈക്ക പദ്ധതിയിൽ, കുടിവെള്ളം പൊതുടാപ്പു കളിലൂടെ വിതരണം ചെയ്യുന്നതിന്, മുൻപ് തീരുമാനിച്ചിരുന്ന ടാപ്പുകളുടെ എണ്ണം കുറച്ചിട്ടില്ല. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം പൊതുജന ആവശ്യം പരിഗണിച്ച് കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷ കളുടേയും കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് പൊതു ടാപ്പുകൾ സ്ഥാപിക്കുന്നത്. |

| | | |
|---|---|---|
| (സി) | ചേർത്തല മുനിസിപ്പൽ പ്രദേശത്ത് പൊതുടാപ്പ് പുന സ്ഥാപിക്കണമെന്ന പൊതു ജനങ്ങളുടെ അഭ്യർത്ഥന നിരാകരിക്കാൻ നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ വിശദവിവരം നൽകുമോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ